"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി അടയ്ക്കേണ്ട ഗ്യാരന്റി കമ്മീഷൻ തുക - ഫണ്ട് റിലീസ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.95/2026/F&P തീയതി, തിരുവനന്തപുരം, 03-02-2026

---

പരാമർശം:-

1. ധനകാര്യ വകുപ്പിന്റെ 23-10-2025-ാം തീയതിയിലെ 2244997/പി.യു-ബി3/123/2022-ധന നം. കത്ത്.
2. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 31-10-2025-ാം തീയതിയിലെ VISL/92/2025-JM(A)/775 നം. കത്ത്.
3. G.O (Rt) No. 163/2026/Fin dated 07-01-2026.

**<u>ഉത്തരവ്</u>**

നാളിതുവരെയുള്ള ഗ്യാരന്റി കമ്മീഷൻ കുടിശ്ശിക അടച്ച് തീർക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ചിട്ടുള്ളതിനാൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് 30-09-2025-ാം തീയതി വരെയുള്ള ഗ്യാരന്റി കമ്മീഷൻ കുടിശ്ശിക അടച്ച് തീർക്കേണ്ടതിനായി ആകെ 9,91,69,441/- രൂപയാണെന്ന് പരാമർശം 2 പ്രകാരം വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ആയത് ചുവടെ ചേർക്കുന്നു:

| വർഷം | ഗ്യാരന്റി കമ്മീഷൻ | പിഴ പലിശ |
|---|---|---|
| 2023-24 | 2,64,42,854.00 | 39,68,601.00 |
| 2024-25 | 6,67,50,000.00 | 20,07,986.00 |
| ആകെ | **9,91,69,441/-** | |

2. പ്രസ്തുത സാഹചര്യത്തിൽ ഗ്യാരന്റി കമ്മീഷൻ അടയ്ക്കേണ്ടതിനായി ആകെ തുകയായ 9,91,69,441/- രൂപ (ഒൻപത് കോടി തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി നാന്നൂറ്റി നാല്പത്തി ഒന്ന് രൂപ മാത്രം) അണ്ടർ സെക്രട്ടറിയുടെ DDO കോഡ് - 0102 540 003 വഴി കമ്പനിയുടെ PSTSB അക്കൗണ്ട് നമ്പർ 7990-1270-0000-189 ലേയ്ക്ക് ഹെഡ് ഓഫ് അക്കൗണ്ട് 5051-01-001-99 വഴി കൈമാറി നല്കുവാൻ പരാമർശം 2 പ്രകാരം വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. പരാമർശം 3 -ലെ ഉത്തരവ് പ്രകാരം 30-09-2025-ാം തീയതി വരെയുള്ള ഗ്യാരന്റി കമ്മീഷൻ കുടിശ്ശികയായി അടച്ച് തീർക്കേണ്ടതിനായി 9,91,70,000/- രൂപ 5051-01-001-99 (PV) എന്ന

ശീർഷകത്തിൽ നിബന്ധനകൾക്ക് വിധേയമായി അധിക ധനവിനിയോഗമായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് 30-09-2025-ാം തീയതി വരെയുള്ള ഗ്യാരന്റി കമ്മീഷൻ കുടിശ്ശിക അടച്ചു തീർക്കേണ്ടതിനായി 9,91,69,441/- രൂപ (ഒൻപത് കോടി തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി നാനൂറ്റി നാല്പത്തി ഒന്നായിരം രൂപ മാത്രം) താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി വിഴിഞ്ഞം ഇന്റർനാഷണൽ സിപോർട്ട് ലിമിറ്റഡിന്റെ 5051-01-001-99 (PV),എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവാകുന്നു.

<u>ഫണ്ട് റിലീസ് ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ</u>

1) ഫണ്ടുകൾ ബാങ്കുകളിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ പാർക്ക് ചെയ്യാൻ പാടുള്ളതല്ല.

1) അനുവദിച്ച ഫണ്ടുകൾ അവ അനുവദിച്ചിരിക്കുന്ന പ്രത്യേക ആവശ്യത്തിലേയ്ക്കായി മാത്രമേ വിനിയോഗിക്കാവൂ; മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റി ചിലവഴിക്കാൻ പാടുള്ളതല്ല.

iii) അടുത്ത ഘട്ട ഫണ്ട് റിലീസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം, 09-01-2020-ാം തീയതിയിലെ GO(Ms) No.4/2020/FIN പ്രകാരം നിർദ്ദിഷ്ട പ്രഫോർമയിൽ component wise expenditure statement - ൽ ഉൾപ്പെടുത്തി വിനിയോഗ സർട്ടിഫിക്കറ്റ് (Utilization certificate) സഹിതം സമർപ്പിക്കേണ്ടതാണ്.

i v ) 09-12-2008-ാം തീയതിയിലെ Circular No. 84/2008/Fin, 29-08-2009-ാം തീയതിയിലെ Circular No. 75/2009/Fin, 30-01-2018-ാം തീയതിയിലെ Circular No. 08/2018/Fin, 04-01-2021-ാം തീയതിയിലെ Circular No. 01/2021/Fin എന്നിവയിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

5. നടപ്പ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുന്നോടിയായി അനുവദിച്ച തുക പുനർവിനിയോഗം അല്ലെങ്കിൽ അധിക ധനാഭ്യർത്ഥന മുഖേന അധിക ചെലവ് ക്രമീകരിക്കുന്നതിനായുള്ള ശിപാർശ വിഴിഞ്ഞം ഇന്റർനാഷണൽ സിപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സമയബന്ധിതമായി സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRASANTHA V K
ജോയിന്റ് സെക്രട്ടറി

പകർപ്പ്:
മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള തിരുവനന്തപുരം

ധനകാര്യവകുപ്പ് (20-01-2026-ാം തീയതിയിലെ 3367894/PU-B3/115/2025-FIN നം. ഫയൽ പ്രകാരം)

മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ് (25-02-2024-ാം തീയതിയിലെ നം. ബി/77/2024/മ.തു.വ. കത്ത് പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, ഐ & പി.ആർ.ഡി, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Shajish P

Date: 03-02-2026 16:46:21

സെക്ഷൻ ഓഫീസർ